**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2203** **16.08.2017-ൽ മറുപടിക്ക്**

വയനാട് ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ എത്ര വീടുകൾ വൈദ്യുതീകരിക്കുകയുണ്ടായി; | (എ)<br>&<br>(ബി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ 15021 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം ഇതിനായി ഉദ്ദേശം 15.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>എം. എൽ. എ-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ലഭിച്ചിട്ടില്ല. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വൈദ്യുതീകരണത്തിനായി ഉദ്ദേശം 27 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പദ്ധതിയ്ക്ക് വേണ്ടി ആദ്യ ഗഡുവായി അനുവദിച്ച 11.5 കോടി രൂപയിൽ വയനാട് ജില്ലയുടെ വൈദ്യുതീകരണം വകയിരുത്തിയിട്ടില്ല. 10.08.2017-ലെ കണക്കുകൾ പ്രകാരം പദ്ധതിക്കായി വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 83.22 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എന്ത് തുക ചിലവഴിച്ചു; എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും പട്ടികവർഗ്ഗ വികസന ഫണ്ടിൽ നിന്നും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം പ്രത്യേകം നൽകുമോ; | | |
| (സി) | ഇക്കാര്യത്തിനായി കേന്ദ്രത്തിന്റെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജനയിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ വയനാട് ജില്ലയിൽ 4.43 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**